LIBRARY ARCHIVES Kerala Legislative Assembly

(10) നെടുമങ്ങാട് മുനിസിപ്പാലിറ്റി കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, കാർഷിക മേഖലയായ നെടുമങ്ങാട് താലൂക്ക്, ആയുർവ്വേദ ചികിത്സാരംഗത്ത് വലിയ പാരമ്പര്യമുണ്ടായിരുന്ന ഒരു പ്രദേശമാണ്. നിരവധി പ്രശസ്തരായ പാരമ്പര്യ വൈദ്യന്മാരും കാണിക്കാരായ പ്രശസ്തരായ വൈദ്യന്മാരുമാണ് ഇവിടെയുള്ളത്. ഇവരെല്ലാം ഇന്നു മൺമറഞ്ഞു പോയിരിക്കുകയാണ്. എങ്കിലും ചികിത്സാരീതിയോടു വളരെ ആഭിമുഖ്യമുള്ള ഒരു ജനതയാണ് ഇപ്പോഴും ഇവിടെയുള്ളത്. എന്നാൽ ഇന്ന് ഇവർക്ക് ചികിത്സയ്ക്കു വേണ്ട ഒരു സൗകര്യവും ഇല്ല എന്നത് ദൗർഭാഗ്യകരമാണ്. നെടുമങ്ങാട് താലൂക്ക് വളരെ വിശാലമായ പ്രദേശമാണ്. വാമനപുരം, ആര്യനാട് മണ്ഡലങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ചികിത്സിക്കുന്നതിന് സൗകര്യപ്രദമായി, മുനിസിപ്പാലിറ്റി കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കാൻവേണ്ടിയുള്ള സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് അങ്ങയോടു അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിത്തരാൻ നെടുമങ്ങാട് നഗരസഭ തയ്യാറാണെന്നുള്ള വിവരം അങ്ങയെ അറിയിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ, പത്താം പഞ്ചവൽസര പദ്ധതിയിൽ, (2002-2007 കാലഘട്ടത്തിൽ) ആയുർവ്വേദ വകുപ്പിനായി അംഗീകരിച്ച സ്കീമിൽ, മുനിസിപ്പാലിറ്റികളിൽ ആയുർവ്വേദാശുപത്രി ആരംഭിക്കുന്നതിനുള്ള സ്കീം ഉൾപ്പെടുത്തിയിരുന്നില്ല. ഗ്രാമീണ ആയുർവ്വേദ ഡിസ്പെൻസറികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള സ്കീമുകൾ അനുസരിച്ച് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഒരു ആയുർവ്വേദ ആശുപത്രി ആരംഭിക്കാൻ നിർവ്വാഹമില്ല. എന്നാൽ നെടുമങ്ങാടിനടുത്ത് ആനാട് ഗ്രാമപഞ്ചായത്തിൽ 25 കിടക്കകളോടുകൂടിയ ആയുർവ്വേദാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ സേവനം നഗരസഭയിലുള്ളവർക്കുകൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തിൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്.